# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5767 28.03.2018-ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണസംഘം ഭരണസമിതി അംഗങ്ങളുടെ സസ്പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ..എസ്. ശബരീനാഥൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണസംഘത്തിൽ മുൻസെക്രട്ടറി നടത്തിയ ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ, ഭരണസമിതി അംഗങ്ങളായ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരെ മുഴുവൻ സസ്പെന്റ് ചെയ്തിട്ടുണ്ടോ; | (എ) | സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണസംഘത്തിൽ കണ്ടെത്തിയ വൻ സാമ്പത്തികക്രമക്കേടുകളുടെയും മറ്റും അടിസ്ഥാനത്തിൽ ഭരണസമിതി അംഗങ്ങളായിരുന്ന സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരെ മുഴുവൻ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് സഹകരണ രജിസ്ട്രാർക്കും പോലീസിനും പരാതി നൽകിയത് പിരിച്ചുവിടപ്പെട്ട ഭരണസമിതിയാണോ; എങ്കിൽ പരാതി നൽകിയവർക്ക് എതിരെ നടപടി സ്വീകരിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ശ്രീ. അനിൽകുമാർ, 'ബി.ജെ.ഡി.എസ് ഇൻഫ്രാസ്ട്രക്ചർ' എന്നിവരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ പരിശോധന നടത്തിയത്. സംഘം പ്രസിഡന്റിന്റെ പരാതിയും ലഭിച്ചിരുന്നു. പോലീസിനു പരാതി നൽകിയത് ക്രമക്കേട് നടന്ന സമയത്ത് നിലനിന്ന ഭരണസമിതി അംഗങ്ങളിൽ ഉൾപ്പെട്ടവരാണ്.<br>സംഘത്തിൽ കണ്ടെത്തിയ വൻ സാമ്പത്തിക ക്രമക്കേടുകളിലും, മറ്റ് നിയമ വിരുദ്ധ പ്രവർത്തനങ്ങളിലും ഭരണസമിതി അംഗങ്ങളായിരുന്ന ഉദ്യോഗസ്ഥർക്ക് കൂട്ടുത്തരവാദിത്തമുള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് വകുപ്പുതല അന്വേഷണത്തിന് വിധേയമായി, ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തത്. |
| (സി) | നടപടി പുന:പരിശോധിക്കണമെന്ന് പൊതുഭരണ സെക്രട്ടറിയും, ചീഫ് സെക്രട്ടറിയും ശിപാർശ ചെയ്തിരുന്നോ; | (സി) | സർക്കാരിന് ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംഘം ഭരണസമിതി അംഗങ്ങളായിരുന്ന സെക്രട്ടേറിയറ്റ് ജീവന |

| | | | |
|---|---|---|---|
| | എങ്കിൽ ശിപാർശ തള്ളിക്കളയുവാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | | ക്കാർക്ക് ഗുരുതര വീഴ്ച സംഭവിച്ചതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, അന്വേഷണ വിധേയമായാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. |
| (ഡി) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ജീവനക്കാരുടെ തിരുവനന്തപുരത്തെ സ്റ്റാഫ് സഹകരണ സൊസൈറ്റിയിൽ നടന്ന കോടികളുടെ തട്ടിപ്പിനെതുടർന്ന് ഭരണസമിതിയിലെ മുഴുവൻ ജീവനക്കാരെയും സസ്പെന്റ് ചെയ്യുകയും നടപടി സ്വീകരിക്കുകയും ചെയ്തിരുന്നോ എന്ന് വെളിപ്പെടുത്തുമോ ? | (ഡി) | കെ.എസ്.എഫ്.ഇ.സഹകരണ സംഘത്തിലെ ഭരണസമിതി അംഗങ്ങളായിരുന്ന മുഴുവൻ ജീവനക്കാരെയും സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ടായിരുന്നില്ല. |

**സെക്ഷൻ ഓഫീസർ**